**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 624** **17-09-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ കെൽട്രോൺ ഉപകമ്പനികളുടെ ലിക്വിഡേഷനിലുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ മുളങ്കുന്നത്തുകാവിൽ കെൽട്രോൺ ഉപകമ്പനികളുടെ ലിക്വിഡേഷനിലുള്ള ഭൂമി വ്യവസായ വികസനത്തിനു ഉപയോഗപ്രദമാക്കുന്നതിനായി കെൽട്രോണും സി-മെറ്റും സംയുക്ത സംരംഭം ആരംഭിക്കാനുള്ള പ്രൊപ്പോസൽ വിശദമാക്കാമോ; | (എ) | കെൽട്രോണിന്റെ അടച്ചുപൂട്ടിയ സബ്സിഡയറി കമ്പനികളായ കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡിന്റെയും കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡിന്റെയും കൈവശമുണ്ടായിരുന്ന 12.19 ഏക്കറിൽ, 7.19 ഏക്കർ ഭൂമിയിൽ കേന്ദ്ര സർക്കാർ സ്ഥാപനമായ സി-മെറ്റുമായി ചേർന്ന്, സെൻസർ ഉത്പാദനം, കാലിബ്രേഷൻ, ടെസ്റ്റിംഗ് എന്നിവയ്ക്കും, ഇലക്ട്രോണിക് കംപോണന്റ്സ്/ഉപകരണങ്ങളുടെ ഉത്പാദനത്തിനുമായി, സംയുക്ത സംരംഭം എന്ന നിലയിൽ ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. കെൽട്രോൺ സി-മെറ്റുമായി നടത്തിയ തുടർചർച്ചകളുടെ അടിസ്ഥാനത്തിൽ, ഡി പി ആർ തയ്യാറാക്കുകയും ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശത്തു നിന്നും ടി ഭൂമി വിട്ടു കിട്ടുന്നതിനുള്ള നടപടി കോടതി മുഖേന സ്വീകരിച്ചുവരുകയും ചെയ്യുന്നു. |
| (ബി) | ഈ പ്രൊപ്പോസലിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (ബി) | എ പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ